(ബി&സി) കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ മാത്രമായിരുന്നു കെ.എസ്.ആർ.ടി.സി. ഇതുവരെയും അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിയിരുന്നത്. എന്നാൽ ഗോവ, മുംബൈ, പുട്ടപർത്തി, തിരുപ്പതി, ഹൈദ്രാബാദ്, പുതുച്ചേരി എന്നിവിടങ്ങളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതി ഉണ്ട്. മേൽ ആവശ്യത്തിലേക്കായി 18 ബസ്സുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്. അന്തർസംസ്ഥാന സർവ്വീസുകളുടെ മറവിൽ അഴിമതി നടക്കുന്നതായിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റിസർവ് കണ്ടക്ടർ/റിസർവ് ഡ്രൈവർ നിയമനം

275 (1980) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ തസ്തികകളിലേക്ക് എത്ര പേരെയാണ് അഡ്വൈസ് ചെയ്തതെന്ന് വിശദമാക്കുമോ ; ഇവരിൽ എത്ര പേർക്ക് നിയമനം നൽകി ; വിശദാംശം നൽകുമോ ;

(ബി) അഡ്വൈസ് മെമ്മോ ലഭിച്ച കണ്ടക്ടർ ലിസ്റ്റിലുള്ളവർക്ക് ഒരു വർഷത്തിനകം നിയമനം നൽകുമെന്ന് യുവജന സംഘടനകളുടെ സമരത്തെത്തുടർന്ന് നടന്ന ചർച്ചയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും റിസർവ് കണ്ടക്ടർ തസ്തികയിലേക്ക് 9300 പേരെ അഡ്വൈസ് ചെയ്തതിൽ 6363 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. റിസർവ് ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്ത ലിസ്റ്റ് പ്രകാരം 3974 പേർ ഉണ്ടായിരുന്നു. ഇതിൽ കെ.എസ്.ആർ. ടി.സി. 3939 പേർക്ക് നിയമനം നൽകി. 35 പേരുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും, ലിസ്റ്റും പി.എസ്.സി.-യിൽനിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അവർക്ക് നിയമനം നൽകിയിട്ടില്ല. 19-1-2015-ൽ ലഭിച്ച റിസർവ് ഡ്രൈവറുടെ എൻ.സി.എ. ലിസ്റ്റിൽനിന്നും 1146 പേരെ അഡ്വൈസ് ചെയ്തതിൽ 386 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) കണ്ടക്ടർ ലിസ്റ്റിൽനിന്നും അഡ്വൈസ് മെമ്മോ ലഭിച്ച മുഴുവൻ ഉദ്യോഗാർത്ഥികൾക്കും യുവജന സംഘടനകളുടെ സമരത്തെ തുടർന്ന് നടന്ന ചർച്ചയിൽ നൽകിയ ഉറപ്പ് പ്രകാരം നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

996/2018

LIBRARY ARCHIVES Kerala Legislative Assembly